# അക്കാദമിക മാസ്ററർ പ്ളാൻ 2025-26

കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കള്ളാർ, കോടോം ബേളൂർ പഞ്ചായത്തുകളുടെ സംഗമഭൂമിയായ ചുള്ളിക്കര എന്ന സ്ഥലത്ത് തലമുറകൾക്ക് അക്ഷരവെളിച്ചമേകി ഭാവിയുടെ വിശാല - വിഹായസ്സിലേക്ക് തലയുയർത്തി നിൽക്കുന്ന ഗവ എൽ പി സ്കൂൾ ചുള്ളിക്കര.

തൂങ്ങൽ, വെള്ളരിക്കുണ്ട്.പടിമരുത്, അമ്പായത്തടി, ഓട്ടക്കണ്ട, ചേററുക്ക[illegible], ഇടക്കടെവ്, കുറുമാണം, കാഞ്ഞിരത്തടി തുടങ്ങിയ, സ്ഥലങ്ങളിലെ രക്ഷിതാക്കളും കുട്ടികളും പ്രതീക്ഷയോടെ സമീപിക്കുന്ന ,വിദ്യയുടെ നിറദീപമായ ഈ വിദ്യാലയം 1954 സെപ്ററംബർ 30-ാം തിയ്യതി ചുള്ളിക്കര ചെരക്കര തറവാട് [illegible] ദാനമായി നൽകിയ മുപ്പത് സെൻറ്സ്ഥലത്ത് ഭൗതിക- അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെട്ട് ഏഴ് പതിറ്റാണ്ടുകൾ പൂർത്തിയാക്കി ഇന്നിൻെറ പ്രൗഡിയിൽ എത്തിനിൽക്കുന്നു.

നമ്മുടെ നാട്ടിലെ സാധാരണക്കാർക്കായി ഈ സർക്കാർ വിദ്യാലയം പിറവിയെടുത്തത്. 80% കുട്ടികളും പട്ടികവർഗവിഭാഗത്തിൽപ്പെട്ടവരാണ്. ഓജസ്സും തേജസ്സുമുള്ള പുതുതലമുറയെ വാർത്തെടുക്കാൻ പി .ടി.എ യും അധ്യാപകരും എപ്പോഴും ശ്രദ്ധാലുക്കളാണ് എന്നത് ഈ വിദ്യാലയത്തിൻെറ പുരോഗതിയുടെ അടിസ്ഥാനശിലയാണ്. സ്കൂളിൻെറ എല്ലാ പ്രവർത്തനങ്ങളിലും താങ്ങും തണലുമായി നിൽക്കുന്ന മികച്ച പി.ടി എ കമ്മറ്റി നമ്മുക്കുണ്ട്.

കലാകായിക മേളകളിൽ കുട്ടികളുടെ പങ്കാളിത്തമുണ്ടെങ്കിലും വേണ്ടത്ര മികവ് പുലർത്താൻ കഴിയുന്നില്ല. കളിസ്ഥലത്തിൻെറ അപര്യാപ്തത, സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയവ നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഈ അധ്യയന വർഷം ഒന്നു മുതൽ നാലുവരെ 76 കുട്ടികളാണ് ഉള്ളത്.

2024-25 അധ്യയനവർഷം സർക്കാർ സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ വർഷമായി പ്രഖ്യാപിച്ചതോടെ കൂടുതൽ മികവ് എന്ന ലക്ഷ്യത്തിലേക്ക് എത്താൻ കഴിയുമെന്ന പ്രതീക്ഷയോടെയാണ് ഈ അക്കാദമിക മാസ്ററർ പ്ളാൻ തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത<br>ക സഹാ |
|---|---|---|---|---|
| ഭാഷപിന്നോക്കാവ<br>സ്ഥ പരിഹരിക്കൽ | പ്രീ-ടെസററുകൾ<br><br>പിന്നോക്കാരെ കണ്ടെത്തൽ<br><br>അക്ഷരങ്ങൾ ,ചിഹ്നങ്ങൾ ഇവ<br>ഉറപ്പിക്കുന്നതിനുള്ള<br>പ്രവർത്തനങ്ങൾ | ജൂൺ<br>മുതൽ<br>ഫെബ്രവ<br>രി | | |
| വായനക്കൂട്ടം<br>കുട്ടിയെ മികച്ച<br>വായനക്കാരാനാ<br>ക്കുക | ക്ളാസ് ലൈബ്രറി<br>രൂപികരണം<br><br>ക്വിസ്സ് മത്സരം<br><br>പത്രവായന<br>വായനാനുഭവം പങ്കുവയ്ക്കൽ | | | |
| ഭാഷശേഷി<br>വികസനം | ലൈബ്രറികാര്യക്ഷമമാക്കൽ<br><br>ഓരോ ക്ളാസ്സിന്റേയും<br>നിലവാരം<br>അനുസരിച്ച് പുസ്തകങ്ങൾ<br>തരം തിരിക്കൽ<br><br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>കഥോത്സവം സംഘടിപ്പിക്കൽ<br>പതിപ്പുകൾ തയ്യാറാക്കൽ<br><br>മലയാളം ,ഇംഗ്ളീഷ്<br>ഭാഷകളിൽ<br>അസംബ്ളി കുട്ടികളുടെ<br>നേതൃത്വത്തിൽ<br>സംഘടിപ്പിക്കൽ | | | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലുംമനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | ഇംഗ്ലീഷ് ഡയറി-- ദൈനംദിന പ്രവർത്തനങ്ങൾ ഡയറി എഴുതൽ<br><br>പദപ്രശ്നം നിർമ്മാണം ഇംഗ്ലീഷ് വാർത്ത കേൾക്കൽ<br><br>ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് കോർണർ-ക്ലാസ് മുറി കളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ<br><br>ഐ സി ടി സഹായത്തോടെ കാർട്ടൂൺ പ്രദർശിപ്പിക്കൽ | ജൂൺ മുതൽ ഡിസംബർ | എസ് ആർ ജി | |
| | ശാസ്ത്ര താത്പര്യം ശാസ്ത്രാവബോധം ശാസ്ത്രമനോഭാവം വളർത്തുക | ശാസ്ത്രപുസ്തകങ്ങൾ,ലൈബ്രറിയിൽ നിന്ന് വായിക്കാൻ കൊടുക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ സ്വന്തമായി നിർമ്മിച്ച ഉപകരണങ്ങളുടെയും മോഡലുകളുടെയും പ്രദർശനം നടത്തൽ<br>ശാസ്ത്രദിനാചരണം - പോസ്ററർ രചന ഡോകുമെന്ററി പ്രദർശനം | വർഷത്തിൽ ഒന്ന് | എസ് ആർ ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതചിന്ത, യുക്തിവിശകലന ശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഗണിത പ്രശ്നോത്തരി, മാസത്തിൽ ഒന്ന് നടത്തി വിജയികളെ കണ്ടെത്തൽ | ജൂൺ മുതൽ | ഗണിത അധ്യാപകർ | |
| ഗണിതപഠനത്തിൽ ഐ സി ടി യുടെ സാധ്യതകൾ പ്രയോജനപ്പേടുത്താനുള്ള കഴിവ് നേടുക | ഐ സി ടി കൂടുതൽ കാര്യക്ഷമമക്കൽ പാഠഭാഗങ്ങൾ ഐ സി ടി യുടെ സഹായത്തോടെ ലളിതമാക്കൽ | ജൂൺ മുതൽ | എസ് ആർ ജി | |
| ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിതപഠനത്തെ പ്രയോജനപ്പെടുത്തുന്നു | ഗണിതകയ്യെഴുത്തു മാസിക ഗണിതപാട്ടുകൾ,ഗണിത കളികൾ,പസിലുകൾ, തുടങ്ങിയവ ഉൾപ്പെടുത്തികയ്യെഴുത്തു മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| വർത്തമാന പത്രങ്ങൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും സർഗാത്മകശേഷി വികസിപ്പിക്കുന്നതുന് | • പത്രവായന ക്വിസ്സ് - ക്ളാസ്സ് തലത്തിൽ<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ക്ളാസ്സ് തല സർഗവേള<br>• ദിനാചരണങ്ങളോടനുബന്ധിച്ച് കാവ്യാലാപനം ,നാടകീകരണം പോസ്ററർ രചന ,ചിത്രരചന പ്രസംഗമത്സരം എന്നിവ സംഘടിപ്പിക്കൽ<br>• കഥോത്സവം<br>• പാട്ടരങ്ങ്. | ജൂലായ് മുതൽ ഫിബ്രവരി | എസ് ആർ ജി | |
| <u>നാട്ടിടവഴിയിലൂടെ</u><br>നാടൻ പാട്ടുകളുടെയും നാടോടികഥകളുടെയും നാട്ടറിവുകളുടെയും മാധുര്യം മനസ്സിലാക്കുക | നാടൻപാട്ട് ,നാടൻകലകൾ, നാട്ടറിവുകൾ--- ക്യാമ്പുകൾ സംഘടിപ്പിക്കൽ | നവംബർ ഡിസംബർ | പി ടി എ | 4000 |

| ക<br>ന<br>ബ<br>ർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാന<br>ത്തി |
|---|---|---|---|---|---|
| | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | ഔഷധത്തോട്ടം - ശലഭോദ്യാനം വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കൽ | ജൂൺ | പി ടി എ<br>എസ് ആർ ജി | 5000 |
| | കായികക്ഷമത മെച്ചപ്പെടുത്തൽ | കായിക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി കായികക്ഷമത വ്യായാമങ്ങൾ പരിശീലിപ്പിക്കുക | ആഴ്ചയിൽ<br>രണ്ട് | പി ടി എ | 5000 |
| | നാടൻ കളികളെ പരിചയപ്പടുത്തൽ | നാടൻകളികളെ മനസ്സിലാക്കുന്നതിനായി നാടൻകളികളുടെ ശേഖരണം | ജനുവരി<br>ഫിബ്രവരി | എസ് ആർ ജി | |
| | സംഗീത അഭിരൂചി കുട്ടികളിൽ വളർത്തൽ | വ്യത്യസ്ത താളത്തിലുള്ള ഗാനാലാപനം കുട്ടികളെ പരിചയപ്പെടുത്തൽ | വർഷത്തിൽ<br>ഒരുതവണ | പി ടി എ | |
| | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ലോകസംഗീതദിനം,സ്വാതന്ത്ര ദിനം,<br>ഓണം,ശിശുദിനം,ക്രിസ്മസ് തുടങ്ങിയ ദിവസങ്ങളിൽ ദേശഭക്തിഗാനം,സംഘഗാനം ,വഞ്ചിപ്പാട്ട്,നാടൻപ്പാട്ട് സംഘടിപ്പിക്കൽ<br>കലോത്സവം,വാർഷികോത്സവം<br>എന്നിവ സംഘടിപ്പിക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ<br>ികം |
|---|---|---|---|---|
| പ്രാദേശിക ക്ളാസ് പി.ടി.എ കൾ സംഘടിപ്പിക്കൽ | കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പ്രാദേശികമായി പി ടി എ കൾ സംഘടിപ്പിക്കുകയും പഠനപിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികൾക്ക് പ്രാദേശികതലത്തിൽ പഠനസഹായം ലഭ്യമാക്കുകയും ചെയ്യുക | ആഗസ്ററ് മുതൽ ഫെബ്രുവരി | പി ടി എ | 5000 |
| G K ക്ളബ്ബ് | കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും സമകാലിക അറിവുകൾ നേടുന്നതിനും വായനശീലം വർദ്ധിപ്പിക്കുന്നതിനും വേണ്ടി | ജൂലൈ മുതൽ മാർച്ച് | എസ് ആർജി | 3000 |
| കരാട്ടെ പരിശീലനം | കുട്ടികളിൽ ആത്മവിശ്വാസം, സ്വയം പ്രതിരോധം എന്നിവ ആർജ്ജിക്കാൻ | ആഗസ്ററ് മുതൽ പെബ്രുവരി | പി ടി എ | 5000 |
| ോഗപരിശീലനം | കുട്ടികളിൽ ഏകാഗ്രത,ഉൻമേഷം ഊർജ്ജസ്വലത എന്നിവ ആർജ്ജിക്കാൻ | ആഗസ്ററ് മുതൽ മാർച്ച് | പി ടി എ | 5000 |

| | | | | | |
|---|---|---|---|---|---|
| | കാർഷികസംസ്കൃതിയെ വീണ്ടെടുക്കൽ | നിത്യജീവിതത്തിലെ പ്രശ്നങ്ങൾ (മാലിന്യപ്രശ്നങ്ങൾ ,മായം ചേർക്കൽ മുതലായവയെക്കുറിച്ചുള്ള ബോധവത്കരണം.<br><br>വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | | | |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | യൂണിറ്റ് ടെസ്ററ്<br><br>ക്ളാസ് പി ടി എ | എല്ലാ മാസവും കുട്ടികളുടെ നിലവാരം വിലയിരുത്തതിനായി പരീക്ഷകൾ നടത്തി സി പി ടി എ കൾ ചേർന്ന് രക്ഷിതാക്കളെ നിലവാരം അറിയിക്കുകയും കൂട്ടായ പരിഹാരബോധനപ്രക്രിയകൾ നടത്തുകയും ചെയ്യുക | ജൂൺ മുതൽ ഫെബ്രുവരി മാസംതോറ ും | എസ് ആർ ജി | 2000 |